## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2765** 12-03-2018 -ൽ മറുപടിക്ക്

### പാലക്കാട് ജില്ലയിൽ വരൾച്ച നേരിടുന്നതിനുള്ള മുൻകരുതൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ഉണ്ണി** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വേനൽക്കാല ആരംഭത്തിൽ കടുത്ത വരൾച്ച നേരിടുന്ന ജില്ലയാണ് പാലക്കാട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; | എ) & ബി) | കേന്ദ്ര വരൾച്ചാ മാനുവൽ 2016-ന്റെ മാനദണ്ഡങ്ങൾ പ്രകാരം പാലക്കാട് ജില്ല ഉൾപ്പെടെ വിവിധ ജില്ലകളിലെ താലൂക്കുകൾ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുവാൻ സാധിക്കുമോ എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പരിശോധിച്ച് വരുന്നു. പ്രസ്തുത മാനുവൽ പ്രകാരം മാർച്ച് 31-നു മുൻപ് ഈ വിശകലനം പൂർത്തിയാക്കി, സംസ്ഥാന അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായി, ആവശ്യമെങ്കിൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വരൾച്ച പ്രഖ്യാപിക്കേണ്ടതുണ്ട്. മേൽ വിശകലനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വരൾച്ച പ്രഖ്യാപിക്കുന്ന താലൂക്കുകളിൽ വരൾച്ചയുടെ തോത് അനുസരിച്ച് പ്രതികരണ മാർഗ്ഗങ്ങൾ നിർണയിക്കുവാൻ സാധിക്കുകയുള്ളൂ . |
| ബി) | കടുത്ത വരൾച്ച നേരിടുന്നതിനായി റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ; | | |
| സി) | പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിനും ജലലഭ്യത ഉറപ്പ് വരുത്തി വേനലിന്റെ കാഠിന്യം കുറയ്ക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ; | സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വരൾച്ച പ്രഖ്യാപിച്ച ശേഷമുള്ള വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ മാത്രമേ അനുവദനീയമായിട്ടുള്ളൂ. മഴയുടെ |

| | | | |
|---|---|---|---|
| | | | ലഭ്യതയില്ലണ്ടായിട്ടുള്ള കുറവ് കേരളത്തെ വരൾച്ചയിലേക്ക് നയിക്കാൻ സാധ്യതയുണ്ടെന്ന് കണക്കാക്കി ലഭ്യമായ ജല വിഭവം പരമാവധി സംരക്ഷിക്കുന്നതിനും ജലനഷ്ടം കുറക്കുന്നതിനും ഉള്ള നടപടികൾ ജലസേചന വകുപ്പ് നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ / ചിറകൾ / അരുവികൾ എന്നിവ മാലിന്യ മുക്തമാക്കി സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ, തടയണകൾ നിർമ്മിക്കുക, ശുദ്ധജല സ്രോതസ്സുകളിലേക്ക് ലവണ ജലം കലരാതിരിക്കുന്നതിനായി ഓരു മുട്ടുകൾ / തടയണകൾ നിർമ്മിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ, ജലവിഭവ വകുപ്പ് ചെയ്തുവരുന്നു. |
| ഡി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കുടിവെള്ളം പോലും ലഭിക്കാത്ത പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | ഡി) | വരൾച്ചാ മാനുവലിലെ വ്യവസ്ഥകൾ പ്രകാരം വരൾച്ച പ്രഖ്യാപിക്കുന്ന സാഹചര്യം ഉണ്ടെങ്കിൽ മാത്രമേ ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് കുടിവെള്ള വിതരണം നടത്തുന്നതിന് സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ